**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 902** **06-10-2021 - ൽ മറുപടിയ്ക്ക്**

**എറണാകുളം, ആലപ്പുഴ ജില്ലകളിലെ തീരവനം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | **Shri. A. K. Saseendran**<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | തീരവനം പദ്ധതിയുടെ ഭാഗമായി എറണാകുളം, ആലപ്പുഴ ജില്ലകളുടെ തീരപ്രദേശങ്ങളിൽ എവിടെയൊക്കെ കാറ്റാടി മരങ്ങൾ വച്ചുപിടിപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഇതിൽ ഏതെങ്കിലും പ്രദേശത്ത് കാറ്റാടി മരങ്ങൾ വ്യാപകമായി മുറിച്ചുമാറ്റിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് അറിയിക്കുമോ? | (എ) | ആലപ്പുഴ ജില്ലയിൽ 2007 -ൽ ആലപ്പുഴ ബീച്ച് മുതൽ പുന്നപ്ര വരെയും തോട്ടപ്പള്ളി പൊഴിമുഖത്തും, മാരാരിക്കുളം വടക്ക് പഞ്ചായത്തിലെ കാറ്റാടി കടപ്പുറത്തും കാറ്റാടി മരങ്ങൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്. കൂടാതെ 2021- ൽ അർത്തുങ്കൽ മുതൽ മാരാരിക്കുളം വടക്ക് പഞ്ചായത്ത് അതിർത്തി വരെ 70,000 കാറ്റാടി തൈകൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിൽ തീരവനം പദ്ധതിയുടെ ഭാഗമായി ചെറായി, വളപ്പ് എന്നീ സ്ഥലങ്ങളിൽ കാറ്റാടി മരങ്ങൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്. 2017-18-ൽ ചാപ്പാ ബീച്ചിലും, 2021-22-ൽ മാലിപ്പുറത്തും കാറ്റാടി തൈകൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്. ആലപ്പുഴ ജില്ലയിൽ മാരാരിക്കുളം വടക്ക് പഞ്ചായത്തിലെ കാറ്റാടി കടപ്പുറത്ത് ഏതാനും തൈകൾ നശിപ്പിച്ചതിന് നടപടി സ്വീകരിച്ചിട്ടുള്ളതാണ്. 2019-ൽ തോട്ടപ്പള്ളി അഴിമുഖത്തോട് ചേർന്നുള്ള 524 മരങ്ങൾ disaster management കമ്മിറ്റിയുടെ തീരുമാന പ്രകാരം മുറിച്ചിരുന്നു. എറണാകുളം ജില്ലയിൽ കാറ്റാടി മരങ്ങൾ വ്യാപകമായി മുറിച്ച സംഭവങ്ങൾ ഒന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ